(സി) ശ്രീ. ജയേഷിന്റെ അപേക്ഷ 24-1-2003-ൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചു.

(ഡി) ഉണ്ട്.

(ഇ) ആശ്രിത നിയമന പ്രകാരമുള്ള ജോലിക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നുണ്ട്.

(എഫ്) 9 അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാനുണ്ട്. അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചുവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ ഗ്രാമപഞ്ചായത്ത് മാലിന്യ വിമുക്തമാക്കാൻ നടപടി

92 [911] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ വശങ്ങളിൽ ആലത്തൂർ ഗ്രാമപഞ്ചായത്ത് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലം റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തിനായി ആലത്തൂർ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച മാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തന രഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പ്രവർത്തിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) മാലിന്യ സംസ്കരണ യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരപകടം നടന്നിട്ടുണ്ട്. എന്നാൽ അത് മാലിന്യങ്ങൾ കത്തിക്കുന്നത് മൂലമാണെന്ന് വ്യക്തമായി പറയാൻ കഴിയില്ല.

(ബി) ഈ അപകടം ഉണ്ടായ ഉടനെ പ്രസ്തുത സ്ഥലത്ത് മാലിന്യം കത്തിക്കുന്നത് നിരോധിക്കുകയും മാലിന്യങ്ങൾ ഖരമാലിന്യ സംസ്കരണ യൂണിറ്റ് കോമ്പൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി—ഇ) ഉണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് സംസ്കരണ പ്ലാന്റ് നിർമ്മിച്ചുവെങ്കിലും പ്രോജക്ടിൽ വകയിരുത്തിയ വർക്കിംഗ് ക്യാപിറ്റൽ നൽകുന്നതിന് നിയമപരമായ തടസ്സം ഉള്ളതിനാൽ നൽകുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.